**Desabhimani**
**21 August 2018**
**Kochi; No Provision For Declaring , National Disaster**

# ദേശീയദുരന്തമായി പ്രഖ്യാപിക്കാൻ വ്യവസ്ഥയില്ലെന്ന് കേന്ദ്രം

പ്രളയ ദുരന്തം ദേശീയദുരന്തമായി പ്രഖ്യാപിക്കാൻ വ്യവസ്ഥയില്ലെന്ന് കേന്ദ്രസർക്കാർ ഹൈക്കോടതിയെ അറിയിച്ചു. ഇക്കാര്യം ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിക്ക് മറുപടി നൽകുകയായിരുന്നു കേന്ദ്രം.

**കൊച്ചി** ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥയില്ലെന്ന് കേന്ദ്രസർക്കാരിനുവേണ്ടി ഹാജരായ അസിസ്റ്റന്റ് സോളിസിറ്റർ ജനറൽ എൻ നഗരേഷ് ബോധിപ്പിച്ചു.

ദുരന്തം വ്യാപ്തിയുള്ളതാകുമ്പോൾ പൊതുവേ 'ദേശീയ ദുരന്തം' എന്ന വാക്കുകൾ ഉപയോഗിക്കാറുണ്ട്. സംസ്ഥാനത്തുണ്ടായ ദുരന്തം അതീവഗുരുതരമെന്ന് കേന്ദ്രസർക്കാർ വിലയിരുത്തിയിട്ടുണ്ടെന്നും ദേശീയദുരന്തനിവാരണ മാർഗനിർദേശങ്ങളിലെ 'ലെവൽ-3'ൽ പെടുന്നതാണെന്നും കേന്ദ്രസർക്കാർ വിശദീകരിച്ചു. പ്രധാനമന്ത്രിതന്നെ കേരളം സന്ദർശിച്ചുവെന്നും ദുരന്തത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് രണ്ടുലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുമെന്നും 500 കോടി രൂപ ഇടക്കാല ആശ്വാസമായി സംസ്ഥാനത്തിന് നൽകുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചതായും കേന്ദ്രസർക്കാർ അറിയിച്ചു.

കേന്ദ്രമെഡിക്കൽ സംഘം ഉടൻ എത്തും. 50,000 ടൺ ഭക്ഷ്യവസ്തുക്കളും 22 ലക്ഷം ലിറ്റർ കുടിവെള്ളവും മൂന്നുലക്ഷം ഭക്ഷണ പായ്ക്കറ്റുകളും ജലശുദ്ധീകരിക്കാനുള്ള കിറ്റുകളും കേരളത്തിലെത്തിച്ചിട്ടുണ്ടെന്നും സഹായം തുടരുമെന്നും കേന്ദ്രസർക്കാർ അറിയിച്ചു. ദേശീയദുരന്തമായി പ്രഖ്യാപിക്കണമെന്ന ഹർജിയിലാണ് കേന്ദ്രസർക്കാർ നിലപാട് അറിയിച്ചത്.